**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **11-10-2024 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിന്റെ ടൂറിസം ശക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ വി ശശി,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉൾനാടൻ ടൂറിസത്തിന് കരുത്തു പകരുവാൻ ജലഗതാഗത വകുപ്പിനെ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഉൾനാടൻ ടൂറിസവുമായി ബന്ധപ്പെട്ട ധാരാളം പദ്ധതികൾ സംസ്ഥാന ജലഗതാഗത വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകൾ കേന്ദ്രികരിച്ചു ഉൾനാടൻ ടൂറിസം പദ്ധതികൾക്ക് കരുത്തു പകരുവാൻ വിവിധ തരത്തിലുള്ള ബോട്ടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ചെറിയ തുരുത്തുകൾ , ഇടുങ്ങിയ കനാലുകൾ എന്നിവയുമായി ബന്ധപ്പെട്ട് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 20 പാസ്സഞ്ചർ കപ്പാസിറ്റി ഉള്ള ശീതികരിച്ച സോളാർ ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 120 കപ്പാസിറ്റി ഉള്ള വേഗ മോഡൽ എ സി, നോൺ എ സി ബോട്ടുകൾ നിർമ്മാണത്തിന്റെ ആദ്യ ഘട്ടത്തിലാണ്. ടൂറിസം ആവശ്യത്തിലേക്കും അത്യാവശ്യഘട്ടങ്ങളിൽ റെസ്ക്യൂ ആവശ്യത്തിലേക്കും ഉപയോഗിക്കാവുന്ന അഞ്ചു ഡിങ്കി ബോട്ടുകളുടെ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | വിനോദസഞ്ചാരത്തിനായി ജലഗതാഗത വകുപ്പ് നിലവിൽ സർവീസുകൾ നടത്തുന്നുണ്ടോ; അറിയിക്കുമോ; | (ബി) | വിനോദ സഞ്ചാരത്തിനായി സർവീസുകൾ നടത്തുന്നുണ്ട്. ആലപ്പുഴ നിന്നും പുറപ്പെട്ട് അഞ്ചു മണിക്കൂർ കൊണ്ട് അമ്പതു കിലോമീറ്റർ താണ്ടി തിരികെ എത്തുന്ന വേഗ ബോട്ട്, ആലപ്പുഴയിൽ തന്നെ സീ കുട്ടനാട്, കൊല്ലം ജില്ലയിലെ സീ അഷ്ടമുടി, എറണാകുളം ജില്ലയിൽ 100 പേർക്ക് യാത്രചെയ്യാവുന്ന മുഴുവനായും ശീതികരിച്ച ഇൻഡ്യയിലെ ഏറ്റവും വലിയ സോളാർ ക്രൂയിസ് ഇന്ദ്ര , കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിൽ ഉള്ള പാസ്സഞ്ചർ കം ടൂറിസം ബോട്ട്, ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും , കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലേയും വാട്ടർ ടാക്സി സർവീസുകൾ |

| | | | |
|---|---|---|---|
| | | | എന്നിവയാണ് വിനോദസഞ്ചാര മേഖലയിലെ ജലഗതാഗത വകുപ്പിന്റെ സർവ്വീസുകൾ. |
| (സി) | വിനോദസഞ്ചാരികൾക്കായി കൂടുതൽ സൗകര്യങ്ങളുള്ള ജലഗതാഗത സർവീസുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | വിനോദസഞ്ചാരികൾക്കായി കൂടുതൽ ആധുനിക സൗകര്യങ്ങളോട്ടു കൂടിയ ബോട്ടുകൾ നിർമ്മിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ജലഗതാഗത വകുപ്പ് സ്വീകരിച്ചു വരുന്നു. ചെറിയ കനാലുകൾ കേന്ദ്രികരിച്ചു സർവ്വീസ് നടത്തുവാൻ 20 പേർക്ക് യാത്ര ചെയ്യാവുന്ന സോളാർ ബോട്ടുകൾ വകുപ്പ് നിർമ്മിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. 'കുട്ടനാടൻ ബാക് വാട്ടർ സഫാരി' എന്ന ആശയം ഉൾക്കൊണ്ടു കൊണ്ട് ഒരു മുഴുദിന കുട്ടനാടൻ യാത്ര നടത്തുവാൻ 30 പാസ്സഞ്ചർ കപ്പാസിറ്റി ഉള്ള സോളാർ ബോട്ടുകൾ നിർമ്മിക്കുവാനും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൊല്ലം ജില്ലയിലെ മൺറോ തുരുത്തു പോലെ ഉള്ള ഭാഗങ്ങളിലേക്ക് വലിയ സോളാർ ബോട്ടുകളിൽ എത്തിച്ചേർന്നു ഇടുങ്ങിയ കണ്ടൽക്കാടുകൾ സ്ഥിതിചെയ്യുന്ന ഭാഗങ്ങളിലേക്ക് വിനോദ സഞ്ചാരികളെ എത്തിക്കുവാൻ ചെറിയ ഔട്ട് ബോർഡ് എൻജിനുകൾ സ്ഥാപിച്ച ബോട്ടുകൾ നിർമ്മിക്കുവാനും പദ്ധതികൾ തയ്യാറാക്കി വരുന്നു. കിഴക്കൻ ജില്ലകളിൽ നിന്നും വരുന്ന സഞ്ചാരികൾക്കു വേണ്ടി വൈക്കം സ്റ്റേഷൻ കേന്ദ്രികരിച്ചു നാഷണൽ ജിയോഗ്രാഫിക് ചാനലിന്റെ ലോക വിനോദസഞ്ചാര ഭൂപടത്തിൽ ഇടം നേടിയ 'കാക്കത്തുരുത്ത്' എന്ന ഭാഗത്തേക്ക് ഡേ ക്രൂയിസ് സർവീസിന് ആവശ്യമായ ആധുനിക ബോട്ടുകളും എറണാകുളം, കണ്ണൂർ, കാസർകോട് മേഖലയിലെ വിവിധ വിനോദ സഞ്ചാര മേഖലകളിയ്ക്ക് ഉതകുന്ന രീതിയിൽ ഉള്ള ബോട്ടുകൾ നിർമ്മിക്കുവാനുള്ള പദ്ധതികളും ആവിഷ്കരിച്ചു വരുന്നുണ്ട്. |
| (ഡി) | സുരക്ഷിതവും ശബ്ദരഹിതവും മലിനീകരണം കുറഞ്ഞതുമായ സോളാർ ബോട്ടുകൾ ഉപയോഗിച്ച് വിനോദസഞ്ചാരത്തിനായി കൂടുതൽ സർവീസുകൾ നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാന ജലഗതാഗത വകുപ്പിന്റെ മുഴുവൻ ബോട്ടുകളും സോളാർ ബോട്ടുകളിലേക്ക് മാറുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ആദ്യ 50 ശതമാനം ബോട്ടുകളുടെ നിർമാണം വിവിധ ഘട്ടങ്ങളായി പുരോഗമിച്ചു വരുന്നു. വിനോദ സഞ്ചാര മേഖലയിൽ ശബ്ദ രഹിതവും പരിസ്ഥിതി സൗഹൃദവുമായ സോളാർ ഇലക്ട്രിക്കൽ ബോട്ടുകളാണ് വരും കാലങ്ങളിൽ പ്രയോജനപ്പെടുത്തുവാൻ പോകുന്നത്. കുറഞ്ഞ ചിലവിൽ സാധാരണക്കാരായവർക്കു ഉൾനാടൻ കായൽ ഭംഗി ആസ്വദിക്കുവാൻ എല്ലാവിധ ആധുനിക സുരക്ഷാ സംവിധാനങ്ങളോടും കൂടിയ വിവിധ പാസ്സഞ്ചർ കപ്പാസിറ്റികൾ ഉള്ള ബോട്ടുകളാണ് കേരളത്തിലെ ജലാശയങ്ങളിൽ ടൂറിസം സർവീസുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്. കൂടിതൽ |

| | | | |
|---|---|---|---|
| | | | സോളാർ ഇലക്ട്രിക് ബോട്ടുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ